# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

**അമേരിക്കൻ സ്വാതന്ത്ര്യസമരം**

- <u>കാരണങ്ങൾ</u>
- ഇംഗ്ലീഷുകാരുടെ തെറ്റായ നികുതി നയം
- 'മെർക്കന്റലിസ്റ്റ് ' നിയമങ്ങൾ
- ചിന്തകന്മാരുടെ ആശയങ്ങൾ

<u>'മെർക്കന്റലിസ്റ്റ്' നിയമങ്ങൾ</u>

- മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്താൽ കച്ചവടക്കാർ അമേരിക്കൻ കോളനികളിൽ നടപ്പാക്കിയ വ്യാപാര നയം
- കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ കോളനി കപ്പലുകളിലോ മാത്രം
- കോളനികളിൽ നിന്നും പഞ്ചസാര, കമ്പിളി, പരുത്തി എന്നിവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
- കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് ഇറക്കുമതി ചുങ്കം നൽകണം.

<u>ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് – 1774</u>

- ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്സിൽ ഇംഗ്ലീഷുകാരുടെ തെറ്റായ നിയമങ്ങൾക്കും നയങ്ങൾക്കും എതിരെ ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി.
- 1775ൽ നടന്ന രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് ജോർജ്ജ് വാഷിംങ്ടനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തിരഞ്ഞെടുത്തു.
- 1776 ജൂലൈ 4ന് അമേരിക്കൻ കോണ്ടിനെന്റൽ കോൺഗ്രസ്സ് സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി.
- 1781 – യുദ്ധം അവസാനം
- 1783 – പാരീസ് ഉടമ്പടി
- ജെയിംസ് ഓട്ടിസ് – പ്രാധിനിത്യമില്ലാതെ നികുതിയില്ല.
- ജോൺ ലോക്ക് – എല്ലാവർക്കും അടിസ്ഥാന അവകാശങ്ങളുണ്ട്.
- തോമസ് പെയിൻ – അമേരിക്കയെ ഇംഗ്ലണ്ട് ദീർഘകാലം ഭരിക്കുക എന്നത് യുക്തിക്ക് നിരക്കുന്നതല്ല.
- തോമസ് ജെഫേഴ്സൺ }
- ബെഞ്ചമിൻ ഫ്രാങ്ക്ളിൻ } – സ്വാതന്ത്ര്യ പ്രഖ്യാപനം തയ്യാറാക്കി
- ജെയിംസ് മഡിസൺ – ഭരണഘടന തയ്യാറാക്കി

<u>അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽകാല ലോകചരിത്രത്തിൽ ചെലുത്തിയ സ്വാധീനം</u>

- പിൽക്കാല വിപ്ലവങ്ങൾക്ക് പ്രചോദനം നൽകി
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി
- ഫെഡറൽ സംവിധാനം എന്ന ആശയം കൊണ്ടുവന്നു.

<u>ഫ്രഞ്ച് വിപ്ലവം</u>

- ഫ്രഞ്ച് സമൂഹത്തിൽ നില നിന്നിരുന്ന സാമൂഹിക സാമ്പത്തിക അസമത്വം സമൂഹത്തെ 3 എസ്റ്റേറ്റുകളായി വിഭജിച്ചു.
- ഒന്നാമത്തെ എസ്റ്റേറ്റിൽ പുരോഹിതന്മാർക്കും രണ്ടാമത്തെ എസ്റ്റേറ്റിലെ പ്രഭുക്കന്മാർക്കും എല്ലാ ആനുകൂല്യങ്ങളും ലഭിച്ചു. എന്നാൽ മൂന്നാമത്തെ എസ്റ്റേറ്റിലെ സാധാരണക്കാർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കു

കയും അമിത നികുതി ഭാരം അടിച്ചേൽപ്പിക്കുകയും ചെയ്തു.

- വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യൂ തുടങ്ങിയ ചിന്തകന്മാരുടെ ആശയങ്ങൾ ഫ്രഞ്ച് സമൂഹത്തിൽ നിലനിന്നിരുന്ന അസമത്വത്തിനും ചൂഷണത്തിനുമെതിരെ പോരാടാൻ പ്രചോദനമായി.

<u>ഫലങ്ങൾ</u>

- പിൽക്കാല വിപ്ലവങ്ങൾക്ക് പ്രചോദനം നൽകി
- മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു.
- ദേശീയതയുടെ ഉദയത്തിന് കാരണമായി
- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം ഉടലെടുത്തു.

<u>നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ</u>

- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി
- പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് രൂപീകരിച്ചു.
- പുരോഹിതന്മാരുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തി.
- ഗതാഗത പുരോഗതിക്കായി നിരവധി റോഡുകൾ നിർമ്മിച്ചു.

<u>റഷ്യൻ വിപ്ലവം</u>

<u>കാരണങ്ങൾ</u>

- സാർ ചക്രവർത്തിയുടെ ഏകാധിപത്യം
- കർഷകരുടെയും ഫാക്ടറി തൊഴിലാളികളുടെയും ദുരിത പൂർണ്ണമായ ജീവിതം
- കാൾ മാക്സ്, ഫ്രെഡറിക് ഏംഗൽസ്, ലിയോ ടോൾസ്റ്റോയ്, മാക്സിം ഗോർക്കി, ഇവാൻ തുർഗനോവ് എന്നിവരുടെ ആശയങ്ങൾ
- കാൾ മാക്സും ഫ്രെഡറിക് ഏംഗൽസും ആവിഷ്കരിച്ച മാർകിസ്റ്റ് ആശയങ്ങൾ തൊഴിലാളികളിലേക്ക് ആവേശം പകർന്നു.
- തൊഴിലാളി സംഘടനകളായ ബോൾഷെവിക്കുകളുടെയും മെൻഷെവിക്കുകളുടെയും പ്രവർത്തനങ്ങൾ.

<u>ഫെബ്രുവരി വിപ്ലവം</u>

(റഷ്യയിൽ ഒരു താത്കാലിക ഗവൺമെന്റ് നിലവിൽ വരാൻ ഇടയായ സാഹചര്യം)

- സമരങ്ങൾ നടത്താനായി 'സോവിയറ്റുകൾ' എന്ന തൊഴിലാളി സംഘടനകൾ രൂപം കൊണ്ടു.
- സമരങ്ങൾ ശക്തമായതിനെതുടർന്ന് 'ഡ്യൂമ' എന്ന നിയമനിർമ്മാണസഭ രൂപീകരിക്കാൻ ചക്രവർത്തി നിർബന്ധിതനായി.
- ഡ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് സാർ ചക്രവർത്തി ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കാളിയായി.
- 1917ൽ ഭക്ഷ്യക്ഷാമം രൂക്ഷമായി
- പെട്രോഗാഡ് പട്ടണത്തിൽ തൊഴിലാളി സമരങ്ങളോടൊപ്പം സൈന്യവും ചേർന്നു.
- പെട്രോഗാഡ് തൊഴിലാളികൾ പിടിച്ചെടുത്തതോടെ രാജാവ് സ്ഥാനം ഒഴിഞ്ഞു.
- അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ താത്കാലിക ഗവൺമെന്റ് നിലവിൽ വന്നു. ഇത് ഫെബ്രുവരി വിപ്ലവം എന്നറിയപ്പെട്ടു.

<u>ഒക്ടോബർ വിപ്ലവം</u>

- താത്കാലിക ഗവൺമെന്റിനെ സോവിയറ്റുകൾ അംഗീകരിച്ചില്ല.
- ലെനിൽ റഷ്യയിൽതിരിച്ചെത്തി ബോൾഷെവിക്കുകളുടെ പ്രവർത്തനം ശക്തമാക്കി.

- 1917ൽ ഒക്ടോബറിൽ ബോൾഷെവിക്കുകൾ സായുധ കലാപമാരംഭിച്ചു.
- കെറൻസ്കി രാജ്യം വിടുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലുമായി.

<u>റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ</u>

- ഒന്നാം ലോകയുദ്ധത്തിൽ നിന്നും റഷ്യ പിന്മാറി
- കർഷകർക്ക് ഭൂമി വിതരണം ചെയ്തു
- ഫാക്ടറികൾ, ബാങ്കുകൾ തുടങ്ങിയെല്ലാം പൊതു ഉടമസ്ഥതയിലായി.

# 6. സമരവും സ്വാതന്ത്ര്യവും

<u>ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ</u>

- ചമ്പാരനിലെ നീലം കർഷകരുടെ സമരം – ബീഹാർ – 1917 – നിയമ ലംഘന സഹന സമരം
- അഹമ്മദാബാദിലെ തുണിമിൽ സമരം – ഗുജറാത്ത് –1918 – ഉപവാസ സമരം
- ഖേഡയിലെ കർഷക സമരം – ഗുജറാത്ത് –1918 – നികുതി നിഷേധം, സത്യാഗ്രഹം

**ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ**

- ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണക്കാർക്ക് പരിചയപ്പെടാൻ അവസരം ലഭിച്ചു.
- ദേശീയ സമരത്തിലേക്ക് സാധാരണജനങ്ങൾ ആകർഷിക്കപ്പെട്ടു.
- ദേശീയ പ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിൽ പിന്തുണയുണ്ടായി.

<u>നിസ്സഹകരണ സമരം – ഖിലാഫത്ത് പ്രസ്ഥാനം –1920</u>

<u>നിസ്സഹകരണ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ</u>

- വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക.
- വിദ്യാലയങ്ങളും കോടതികളും ബഹിഷ്കരിക്കുക
- നികുതി നൽകാതിരിക്കുക

<u>നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഫലങ്ങൾ</u>

- ജനങ്ങൾ തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു.
- ചർക്കയിൽ നൂൽ നൂറ്റ് ഖാദി വസ്ത്രങ്ങൾ ഉണ്ടാക്കി.
- ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു.
- ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിച്ചു.

<u>ഈ കാലഘട്ടത്തിൽ രൂപീകരിക്കപ്പെട്ട ദേശീയ വിദ്യാലയങ്ങൾ</u>

- കാശി വിദ്യാപീഠം, ഗുജറാത്ത് വിദ്യാപീഠം, ജാമിയ്യ മില്ലിയ

<u>നിസ്സഹകരണ പ്രസ്ഥാനം നിർത്തിവെക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം</u>

- ചൗരിചൗര സംഭവം

<u>പൂർണ്ണസ്വരാജ് സിവിൽ നിയമലംഘന സമരം – 1930</u>

- 1929ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനത്തിൽ അധ്യക്ഷൻ ജവഹർലാൽ നെഹ്റു.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണ സ്വരാജ് ആണെന്ന് പ്രഖ്യാപിച്ചു.

- ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.

**<u>സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ട് വെച്ച ആശയങ്ങൾ</u>**

- ഉപ്പു നികുതി എടുത്തുകളയുക
- കൃഷിക്കാർക്ക് 50% നികുതി ഇളവ് നൽകുക
- രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക

**<u>ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ</u>**

- ബ്രിട്ടീഷ് സർക്കാറിന്റെ നികുതി വരുമാനത്തിൽ അഞ്ചിൽ രണ്ടുഭാഗവും ഉപ്പിനു മേലുള്ള നികുതിയായിരുന്നു.
- ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.
- തദ്ദേശീയരായ ചെറുകിട ഉപ്പ് ഉൽപാദകർക്ക് ഏർപ്പെടുത്തിയ നിരോധനം

**<u>ക്വിറ്റ് ഇന്ത്യാസമരം -1942</u>**

**<u>കാരണങ്ങൾ</u>**

- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച അതൃപ്തി
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി.

**<u>സുഭാഷ് ചന്ദ്രബോസ്</u>**

- ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടി രൂപീകരിച്ചു.
- സിംഗപ്പൂരിൽ വെച്ച് സ്വതന്ത്ര ഭാരതത്തിന് ഒരു താത്കാലിക ഗവൺമെന്റ് രൂപീകരിച്ചു.
- ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗമായിരുന്ന ത്സാൻസിറാണി റെജിമെന്റിന്റെ ചുമതല ക്യാപ്റ്റൻ ലക്ഷ്മിക്കായിരുന്നു.
- ജപ്പാന്റെ സഹായത്തോടെ ഇംഫാലിൽ ഇന്ത്യൻ നാഷണൽ ആർമി ദേശീയ പതാക ഉയർത്തി.

# 7. സ്വാതന്ത്ര്യാനന്തര ഇന്ത്യ

**<u>സ്വതന്ത്ര്യ ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം</u>**

- സർദാർവല്ലഭായി പട്ടേലും സ്റ്റേറ്റ് ഡിപ്പാർട്ട് മെന്റിന്റെ സെക്രട്ടറിയായിരുന്ന വി.പി.മേനോനും നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്ന ലയനകരാർ രൂപീകരിച്ചു.
- ഈ കരാർ പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം തുടങ്ങിയവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ ഇന്ത്യൻ സർക്കാറിന് നൽകണം.
- ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പു വെച്ചു.
- ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങളും പിന്നീട് ഇന്ത്യൻ യൂണിയനിൽ ലയിച്ചു.

**<u>ശാസ്ത്ര സാങ്കേതിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ</u>**

- നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യ ശാസ്ത്രസാങ്കേതിക രംഗത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ചു.
- ശാസ്ത്ര ഗവേഷണസമിതി
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണസമിതി തുടങ്ങിയ ഗവേഷണസ്ഥാപനങ്ങൾ നിലവിൽ വന്നു.

- ഹോമി ജഹാംഗീർ ഭാദയുടെ നേതൃത്വത്തിൽ ടാറ്റാ ഇൻസ്റ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ എന്നിവ നിലവിൽ വന്നു.

<u>വിദ്യാഭ്യാസം</u>

- ഡോ. രാധാകൃഷ്ണൻ കമ്മീഷൻ (1948)
- ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ (1952)
- ഡോ. ഡിഎസ് കോത്താരി കമ്മീഷൻ (1964)

<u>1986ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ</u>

- പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകുക.
- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കുക.
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.
- 2009ൽ ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസം മൗലികാവകാശമാക്കി.

<u>ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്ത്വങ്ങൾ</u>

- സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
- വംശീയവാദത്തോടുള്ള വിദ്വേഷം
- ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
- പഞ്ചശീല തത്ത്വങ്ങൾ
- ചേരിചേരായ്മ

<u>പഞ്ചശീല തത്ത്വങ്ങൾ</u>

- 1954ൽ ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രിയായിരുന്ന ചൗഹൻലാലിയും ചേർന്ന് ഒപ്പിട്ട കരാർ
- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
- പരസ്പരം ആക്രമിക്കാതിരിക്കുക
- ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപ്പെടാതിരിക്കുക
- സമത്വവും പരസ്പര സഹായവും പുലർത്തുക.
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

# 3. പൊതുഭരണം

<u>പൊതുഭരണം</u>

- 'പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിച്ചുള്ളതാണ്.' – എൻ. ഗ്ലാഡൻ
- ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണ സംവിധാനത്തിന്റെ ഭാഗമാണ്.
- ജനക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്.

<u>പൊതുഭരണത്തിന്റെ പ്രാധാന്യം</u>

- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
- ജനക്ഷേമം ഉറപ്പാക്കുന്നു.

- ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

**<u>ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷത</u>**

- ശ്രേണീപരമായ സംഘാടനം – ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരും
- സ്ഥിരത – നിശ്ചിത പ്രായം വരെ സേവന കാലാവധി.
- യോഗ്യത അടിസ്ഥാനമാക്കി നിയമനം
- രാഷ്ട്രീയ നിഷ്പക്ഷത
- വൈദഗ്ദ്ധ്യം

**<u>ഇന്ത്യൻ സിവിൽ സർവ്വീസ്</u>**

- ഇന്ത്യൻ സിവിൽ സർവ്വീസിനെ മൂന്നായി തരം തിരിക്കാം
- അഖിലേന്ത്യ സർവ്വീസ്

  ഉദാ: IAS, IPS
- കേന്ദ്രസർവ്വീസ്

  ഉദാ: ഇന്ത്യൻ ഫോറിൻ സർവ്വീസ്
- സംസ്ഥാന സർവ്വീസ്

  ഉദാ: സെയിൽസ് ടാക്സ് ഓഫീസർ

**<u>ഇ-ഗവേണൻസ്</u>**

- ഇലക്ട്രോണിക് സാങ്കേതിക വിദ്യ ഭരണരംഗത്ത് ഉപയോഗപ്പെടുത്തുന്നതാണ് ഇ – ഗവേണൻസ്

**<u>ഇ-ഗവേണൻസ് കൊണ്ടുള്ള നേട്ടങ്ങൾ</u>**

- ഗവൺമെന്റ് സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും കുറഞ്ഞ ചെലവിലും ലഭ്യമാക്കുന്നതിന് സഹായകമായി.
- വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.
- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തു നിൽക്കേണ്ട.
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിച്ചു.

# ഋതുഭേദങ്ങളും സമയവും

<u>ഋതുഭേദങ്ങൾക്കുള്ള കാരണങ്ങൾ</u>

- **സൂര്യന്റെ അയനം**

  അച്ചുതണ്ടിന്റെ ചരിവ് പരിക്രമണ വേളയിലുടനീളം നിലനിർത്തുന്നതിനാൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായന രേഖയ്ക്കും ദക്ഷിണായന രേഖയ്ക്കും ഇടയിൽ മാറി കൊണ്ടിരിക്കുന്നു.

- **പരിക്രമണം**

  ദീർഘ വൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലൂടെ ഭൂമി സൂര്യനെ വലം വയ്ക്കുന്നതിനെയാണ് പരിക്രമണം എന്നുപറയുന്നത്.

- **അച്ചുതണ്ടിന്റെ സമാന്തരത**

  ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണ തലത്തിൽ നിന്ന് 66 1/2 ഡിഗ്രിയും ലംബതലത്തിൽ 23 1/2 ഡിഗ്രിയും ചരിവുണ്ട്. പരിക്രമണ വേളയിലുടനീളം ഭൂമി ഈ ചരിവ് നിലനിർത്തുന്നതാണ് അച്ചുതണ്ടിന്റെ സമാന്തരത

**ഋതുക്കൾ (പട്ടിക പൂർത്തിയാക്കുക)**

| മാസങ്ങൾ | ഋതുക്കൾ | |
|---|---|---|
| | ഉത്തരാർധ ഗോളം | ദക്ഷിണാർധ ഗോളം |
| മാർച്ച് 21 മുതൽ ജൂൺ 21വരെ | വസന്തം | ...................................... |
| ജൂൺ 21 മുതൽ സെപ്തംബർ 23 വരെ | ...................................... | ശൈത്യം |
| സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ | ഹേമന്തം | ...................................... |
| ഡിസംബർ 22മുതൽ മാർച്ച് 21 വരെ | ...................................... | ഗ്രീഷ്മം |

<u>സമരാത്ര ദിനങ്ങൾ (വിഷുവങ്ങൾ)</u>

- സൂര്യന്റെ ആപേക്ഷിക സ്ഥാനം ഭൂമധ്യരേഖക്ക് നേർ മുകളിലുണ്ടാകുന്ന മാർച്ച് 21 സെപ്തംബർ 23 എന്നീ ദിനങ്ങൾ
- ഈ ദിനങ്ങളിൽ രണ്ട് അർധഗോളങ്ങളിലും രാത്രിയും പകലും തുല്യമായിരിക്കും.

<u>ഗ്രീഷ്മ അയനാന്ത ദിനം</u>

- ജൂൺ 21ന്
- സൂര്യൻ ഉത്തരായന രേഖയ്ക്ക് നേർ മുകളിൽ
- ഉത്തരാർധഗോളത്തിൽ ദൈർഘ്യമുള്ള പകൽ അനുഭവപ്പെടുന്നു.

<u>ശൈത്യ അയനാന്തദിനം</u>

- ഡിസംബർ 22ന്
- സൂര്യൻ ദക്ഷിണായന രേഖയ്ക്ക് നേർ മുകളിൽ
- ഉത്തരാർധ ഗോളത്തിൽ പകൽ കുറവും രാത്രി കൂടുതലുമായിരിക്കും.

<u>ഗ്രീനിച്ച് സമയം</u>

- 0 ഡിഗ്രി രേഖാംശ രേഖ
- ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് സമയം നിർണയിക്കപ്പെടുന്നത്.
- ഗ്രീനിച്ച് രേഖ പ്രൈം മെറീഡിയൻ എന്നും വിളിക്കപ്പെടുന്നു.

- ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം

**സ്റ്റാൻഡേർഡ് സമയം (മാനക സമയം)**

- മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് മാനക സമയം (സ്റ്റാൻഡേർഡ് സമയം)

**ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം**

- ഗ്രീനിച്ച് സമയത്തേക്കാൾ 5 1/2 മണിക്കൂർ മുമ്പിലാണ്
- $82\,{}^{1}/_{2}{}^{0}E$ ഇന്ത്യയുടെ മാനക രേഖാംശമായി കണക്കാക്കുന്നത്.
- ഈ രേഖാംശത്തിലെ പ്രാദേശികസമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം.

**അന്താരാഷ്ട്ര ദിനാങ്ക രേഖ**

- $180^{0}$ രേഖാംശ രേഖ കരഭാഗങ്ങൾ ഒഴിവാക്കി പൂർണമായും സമുദ്രത്തിലൂടെയാണ് ക്രമീകരിച്ചിക്കുന്നത്.
- ഈ രേഖയുടെ ഇരുവശങ്ങളിൽ 24 മണിക്കൂറിന്റെ സമയ വ്യത്യാസം രേഖപ്പെടുത്തുന്നു.
- അന്താരാഷ്ട്ര ദിനാങ്കരേഖ മുറിച്ചു കടന്ന് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരികൾ കലണ്ടറിൽ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു.

# മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ

**മാനവവിഭവം**

- ഉൽപ്പാദന രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം.

**മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ**

1. വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കുന്നു.
2. കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം ഒരുക്കുന്നു.
3. സ്ഥാപനങ്ങളും ഏജൻസികളും പഠനം പരിശീലനം എന്നിവയ്ക്കാവശ്യമായ സൗകര്യം ഒരുക്കുന്നു.
4. രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നു.

**മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ**

1. വിദ്യാഭ്യാസം
2. ആരോഗ്യ പരിപാലനം
3. പരിശീലനങ്ങൾ
4. സാമൂഹിക മൂലധനം

**മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നതു കൊണ്ടുള്ള പ്രയോജനങ്ങൾ**

1. തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കാം
2. സാമ്പത്തിക അന്തരം കുറയ്ക്കാം.
3. പ്രകൃതിവിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
4. സാമൂഹികക്ഷേമം ഉറപ്പുവരുത്താം.

**വിദ്യാഭ്യാസവും മാനവശേഷി വികസനവും**

**വിദ്യാഭ്യാസം രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നതെങ്ങനെ?**

1. വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.
2. സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള കഴിവ് ലഭിക്കുന്നു.
3. മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു.
4. ജീവിതനിലവാരം ഉയരുന്നു.

**<u>വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ</u>**

1. സംയോജിത ശിശുവികസന പരിപാടി (ICDS)
2. സമഗ്രശിക്ഷാ അഭിയാൻ (SSA)
3. രാഷ്ട്രീയ ഉച്ചതൽ ശിക്ഷാഅഭിയാൻ (RUSA)
4. നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം

**<u>വിദ്യാഭ്യാസ അവകാശനിയമം RTE (2009)</u>**

ഈ നിയമ പ്രകാരം വിദ്യാഭ്യാസം സാർവ്വത്രികമാക്കി

**<u>വിദ്യാഭ്യാസരംഗത്ത് പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ</u>**

1. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞു പോകുന്നു.
2. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതകുറവ്
3. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടണം.

**<u>മാനവവിഭവശേഷി വികസനവും ആരോഗ്യപരിപാലനവും</u>**

**ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നതെങ്ങനെ ?**

1. തൊഴിൽ ദിനങ്ങളുടെ എണ്ണവും കാര്യക്ഷമതയും വർദ്ധിക്കുന്നതുകൊണ്ട് ഉൽപ്പാദനം കൂടും.
2. പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും.
3. ചികിത്സാചെലവുകൾ കുറയ്ക്കുന്നു.
4. സർക്കാരിന്റെ സാമ്പത്തികചെലവ് കുറയ്ക്കുന്നു.
5. സാമ്പത്തിക വികസനം സാധ്യമാകുന്നു.

**<u>ആരോഗ്യപരിപാലനത്തിന് ഒരുക്കേണ്ട സൗകര്യങ്ങൾ</u>**

1. പോഷകാഹാര ലഭ്യത
2. ശുദ്ധജല ലഭ്യത
3. രോഗപ്രതിരോധ സംവിധാനങ്ങൾ
4. ശുചിത്വപരിപാലനം
5. ചികിത്സാസൗകര്യങ്ങൾ

**<u>ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ</u>**


1. മെഡിക്കൽ കോളേജുകൾ
2. ജില്ലാ ആശുപത്രികൾ
3. സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ
4. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

**ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ ദേശീയ നഗരാരോഗ്യ മിഷൻ**

- ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാകുന്നു.

# വൈവിധ്യങ്ങളുടെ ഇന്ത്യ

1. **<u>ഇന്ത്യ ഭൂപ്രകൃതി</u>**



2. **<u>ഉത്തരപർവ്വത മേഖല</u>**

ഉത്തരപർവ്വത മേഖല

- ട്രാൻസ് ഹിമാലയം
  - **കാരക്കോറം**
  - **ലഡാക്ക്**
  - **സസ്ക്കർ**
- ഹിമാലയം
  - **ഹിമാദ്രി**
  - **ഹിമാചൽ**
  - **സിവാലിക്ക്**
- കിഴക്കൻ മലനിരകൾ
  - **ഖാസി കുന്നുകൾ**
  - **ഗാരോ**
  - **മിസോനാഗ കുന്നുകൾ**

3. **<u>ഉത്തരപർവ്വത മേഖല സവിശേഷതകൾ</u>**

- വിദേശ ആക്രമണത്തെ തടഞ്ഞുനിർത്തി ഇന്ത്യയെ സംരക്ഷിക്കുന്നു.
- മൺസൂൺകാറ്റുകളെ തടഞ്ഞുനിർത്തി ഇന്ത്യയിൽ മഴ പെയ്യിക്കുന്നു.
- വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ കാണപ്പെടുന്നു.
- വിനോദസഞ്ചാര കേന്ദ്രം
- ഹിമാലയൻ നദികളുടെ ഉത്ഭവ കേന്ദ്രം

4. **<u>ഹിമാലയം</u>**

- ട്രാൻസ് ഹിമാലയത്തിനും കിഴക്കൻ മലനിരകൾക്കും ഇടയിൽ സ്ഥിതി ചെയ്യുന്നു.
- 2400km നീളവും 400 മുതൽ 150 km വീതിയും ഉണ്ട്
- ലോകത്തിലെ ഉയരം കൂടിയ ധാരാളം കൊടുമുടികൾ കാണപ്പെടുന്നു.
- ഹിമാദ്രി, ഹിമാചൽ, സിവാലിക് എന്നിങ്ങനെ സമാന്തരങ്ങളായ മൂന്ന് പർവ്വതനിരകൾ ഉൾപ്പെടുന്നു.

ഹിമാലയം

**<u>ഹിമാദ്രി</u>**

- ഏറ്റവും ഉയരം കൂടിയ പർവ്വത നിര
- ശരാശരി ഉയരം 6000 മീറ്റർ
- ഗംഗ, യമുന, നദികളുടെ ഉത്ഭവ സ്ഥാനം

**<u>ഹിമാചൽ</u>**

- ഹിമാലയത്തിലെ രണ്ടാമത്തെ വലിയ പർവ്വത നിര
- ശരാശരി ഉയരം 3000മീറ്റർ
- സുഖവാസ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നു.
- ഉദാ: ഷിംല, ഡാർജിലിങ്

**<u>സിവാലിക്ക്</u>**

- ഹിമാലയത്തിലെ ഉയരം കുറഞ്ഞ പർവ്വതനിര
- ശരാശരി ഉയരം 1220മീറ്റർ
- നീളമേറിയതും വിസ്തൃതവുമായ ഡ്യൂണുകൾ എന്ന താഴ് വരകൾ കാണപ്പെടുന്നു.

5. ഹിമാലയൻ നദികൾ

- സിന്ധു നദി
- ഗംഗ നദി
- ബ്രഹ്മപുത്ര

**<u>സിന്ധു</u>**

- മാനസസരോവറിൽ നിന്ന് ഉത്ഭവിക്കുന്നു.
- 2880 km നീളം
- 709 km മാത്രം ഇന്ത്യയിലൂടെ ഒഴുകുന്നു.
- അറബിക്കടലിൽ പതിക്കുന്നു.

ഗംഗ

- ഗോമുഖ് ഗുഹയിൽ നിന്ന് ഉത്ഭവിക്കുന്നു.
- 2500 കിലോമീറ്റർ നീളം
- ഇന്ത്യയിലെ ഏറ്റവും വലിയ നദി
- ബംഗാൾ ഉൽക്കടലിൽ പതിക്കുന്നു.

ബ്രഹ്മപുത്ര

- ചെമായുങ് തങ് ഗുഹയിൽ നിന്ന് ഉത്ഭവിക്കുന്നു
- 2900 കിലോമീറ്റർ നീളം
- 725 km മാത്രം ഇന്ത്യയിലൂടെ ഒഴുകുന്നു.
- ഏറ്റവും വലിയ നദി ഹിമാലയൻ നദി
- ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

6. ഉപദ്വീപീയപീഠഭൂമി

- ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയതും വിസ്തൃതവുമായ ഭൂപ്രകൃതി വിഭാഗം
- 15 ലക്ഷം ച.കി.മീ വിസ്തൃതി
- ധാതുക്കളുടെ കലവറ എന്ന് വിശേഷിപ്പിക്കുന്നു.
- ഉറപ്പേറിയ ശിലകളാൽ നിർമ്മിതം
- ആനമുടി (2695m)യാണ് ഉപദ്വീപിയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി.
- കറുത്ത പരുത്തിമണ്ണ്, ചെമ്മണ്ണ്, ലാറ്ററൈറ്റ് മണ്ണ് എന്നീ മണ്ണിനങ്ങൾ കാണപ്പെടുന്നു.

7. ഹിമാലയൻ നദികളും ഉപദ്വീപീയ നദികളും

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| • അപരദന തീവ്രത കൂടുതൽ | • അപരദന തീവ്രത കുറവ് |
| • ഉയർന്ന വൃഷ്ടി പ്രദേശം | • കുറഞ്ഞ വൃഷ്ടി പ്രദേശം |
| • ഉയർന്ന ജലസേചനം | • കുറഞ്ഞ ജലസേചനം |
| • ഉൾനാടൻ ജല ഗതാഗതത്തിന് സാധ്യത | • ഉൾനാടൻ ജല ഗതാഗതത്തിന് സാധ്യത കുറവ് |

8. തീരസമതലങ്ങൾ

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| • അറബി കടലിനും പശ്ചിമഘട്ടത്തിനും ഇടയിൽ | • ബംഗാൾ ഉൾക്കടലിനും പൂർവ്വ ഘട്ടത്തിനും ഇടയിൽ |
| • വീതി കുറഞ്ഞ തീരദേശം | • വീതി കൂടിയ തീരം |
| • റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ നീണ്ട് കിടക്കുന്നു. | • സുന്ദരവനം മുതൽ കന്യാകുമാരി വരെ |
| • കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു. | • ഡെൽറ്റകൾകാണപ്പെടുന്നു. |

9. **കിഴക്കൻ മലനിരകൾ**

- സമുദ്ര നിരപ്പിൽ നിന്ന് 500 മുതൽ 3000 മീറ്റർ വരെ ഉയരം
- പൂർവ്വാചൽ എന്ന പേരിൽ അറിയപ്പെടുന്നു.
- ലോകത്തിൽ ഏറ്റവം കൂടുതൽ മഴ കിട്ടുന്ന ചിറാപൂഞ്ചി കിഴക്കൻ മലനിരകളാണ്.
- ഖാസി, ഗാരോ, ജയന്തിയ, പത്കായിബം, നാഗാ, മിസോ കുന്നുകൾ ഉൾപ്പെട്ടതാണ് കിഴക്കൻ മലനിരകൾ